മംഗളം

18 July 2021

# കടൽപായലിൽനിന്ന് ഔഷധ നിർമാണം: സി.എം.എഫ്.ആർ.ഐ. ഗവേഷകന് ദേശീയ പുരസ്കാരം

കൊച്ചി: കടൽപായലിൽനിന്നു പ്രമേഹമുൾപ്പെടെ വിവിധ ജീവിതശൈലീ രോഗങ്ങൾക്കുള്ള ഉൽപ്പന്നങ്ങൾ വികസിപ്പിച്ചതിനു കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സി.എം.എഫ്.ആർ.ഐ) പ്രിൻസിപ്പൽ സയന്റിസ്റ്റ്



● ഡോ. കാജൽ ചക്രവർത്തി

ഡോ. കാജൽ ചക്രവർത്തിക്കു ദേശീയ അംഗീകാരം. കാർഷിക-കർഷകക്ഷേമ മന്ത്രാലയത്തിന്റെ കീഴിലുള്ള ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐ.സി.എ.ആർ) ഗവേഷണ രംഗത്ത് മികവ് തെളിയിച്ച ശാസ്ത്രജ്ഞർക്കുള്ള ഏറ്റവും ഉയർന്ന നോർമൻ ബോർലോഗ് ദേശീയ പുരസ്കാരമാണ് കാജൽ ചക്രവർത്തിക്ക് ലഭിച്ചത്. അഞ്ച് വർഷത്തിലൊരിക്കൽ മാത്രം നൽകുന്ന ഈ പുരസ്കാരത്തിന് 10 ലക്ഷം രൂപയാണ് സമ്മാനം. ഇതിനു പുറമെ, അനുയോജ്യമായ ഗവേഷണപദ്ധതി ഏറ്റെടുത്ത് നടപ്പാക്കാൻ അഞ്ച് വർഷത്തേക്ക് ഒന്നര കോടി രൂപ ഗവേഷണ ഗ്രാന്റും ലഭിക്കും.

ജീവിതശൈലീ രോഗങ്ങൾക്ക് ഫലപ്രദമായ ന്യൂട്രാസ്യൂട്ടിക്കൽ ഉൽപ്പന്നങ്ങൾ കടൽപായലിൽ നിന്നും വികസിപ്പിച്ചത് അദ്ദേഹത്തിന്റെ പ്രധാന ഗവേഷണ നേട്ടങ്ങളിൽപെടുന്നു. കോവിഡ് മഹാമാരിയുടെ വരവോടെ വികസിപ്പിച്ച രോഗപ്രതിരോധശേഷി കൂട്ടാൻ സഹായകമായ ഇമ്യൂൺ-ബൂസ്റ്ററാണ് ഈ ഗണത്തിൽ ഏറ്റവും ഒടുവിലായി ഡോ കാജൽ വികസിപ്പിച്ചത്.

ഐ.സി.എ.ആറിന്റെ 93ാമത് സ്ഥാപകദിനത്തോടനുബന്ധിച്ച് വിതരണം ചെയ്ത പുരസ്കാരങ്ങളിൽ നാലെണ്ണം സി.എം.എഫ്.ആർ.ഐക്ക് ലഭിച്ചു. മികച്ച ഡോകട്റൽ പ്രബന്ധത്തിന് നൽകുന്ന ജവഹർലാൽ നെഹ്റു പുരസ്കാരം സി.എം.എഫ്.ആർ.ഐയിൽ ഗവേഷക വിദ്യാർഥിയായ ഡോ. ഫസീന മക്കാറിന് ലഭിച്ചു.

ഔദ്യോഗിക ഭാഷാനയം മികവോടെ നടപ്പാക്കിയതിന് രാജർഷി ടാൻഡൻ രാജ്ഭാഷ പുരസ്കാരവും സി.എം.എഫ്.ആർ.ഐ. നേടി. 11ാമത് തവണയാണ് സി.എം.എഫ്.ആർ.ഐക്ക് ഈ പുരസ്കാരം ലഭിക്കുന്നത്. മികച്ച ഹിന്ദി മാഗസിനുള്ള ഗണേഷ ശങ്കർ വിദ്യാർഥി പുരസ്കാരത്തിന് സി.എം.എഫ്.ആർ.ഐയുടെ ഹിന്ദി മാഗസിനായ മത്സ്യഗന്ധ അർഹമായി. ഓൺലൈനായി സംഘടിപ്പിച്ച ചടങ്ങിൽ